പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയം
അയ്യൻകാളി ഭവൻ, കനകനഗർ, വെള്ളയമ്പലം, കവടിയാർ പി.ഒ,
തിരുവനന്തപുരം –695003, ഫോൺ/ഫാക്സ് - 0471 2727379
ഇമെയിൽ - bcddkerala@gmail.com, വെബ്സൈറ്റ് –www.bcdd.kerala.gov.in

BCDIR/A3/708/2021 തീയതി :07-11-2022

ഭരണഭാഷ – മാതൃഭാഷ

Azadi Ka Amrit Mahotsav

## <u>സർക്കുലർ</u>

സംസ്ഥാനത്തെ ഒ.ഇ.സി, ഒ.ഇ.സി.ക്ക് തത്തുല്യമായ വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിക്കുന്ന ഇതര 30 സമുദായങ്ങൾ എന്നിവയിൽ ഉൾപ്പെട്ട വിദ്യാർത്ഥികളിൽ നിന്നും വിദ്യാഭ്യാസ സ്ഥാപനങ്ങൾ മുൻകൂറായി ഫീസ് വാങ്ങുന്നത് വിലക്കിയും അപ്രകാരമുള്ള സ്ഥാപനങ്ങൾക്ക് എതിരെ ദിനേശൻ കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശ പ്രകാരം കർശന നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയും സ.ഉ.(സാധാ)നം.126/2019/പി.വി.വി.വ തീയതി, 21.11.2019 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്.

മേൽ സാഹചര്യത്തിൽ, സംസ്ഥാനത്ത് പോസ്റ്റ്മെട്രിക് കോഴ്സുകൾ പഠിക്കുന്ന ഒ.ഇ.സി., ഒ.ബി.സി.(എച്ച്) വിദ്യാർത്ഥികളിൽ നിന്നും മുൻകൂർ ഫീസ് വാങ്ങുവാനോ മുൻകൂർ ഫീസ് ആവശ്യപ്പെട്ട് സമ്മർദ്ദം ചെലുത്തുവാനോ പാടില്ലായെന്ന വിവരം അറിയിക്കുന്നു. അത്തരത്തിൽ ഏതെങ്കിലും കോളേജിനെ/വിദ്യാഭ്യാസ സ്ഥാപനങ്ങളെ കുറിച്ച് പരാതികൾ ലഭ്യമാകുകയും പ്രസ്തുത പരാതി വസ്തുതാപരമെന്ന് പ്രഥമദൃഷ്ട്യാ ബോധ്യപ്പെടുകയും ചെയ്യുന്ന പക്ഷം ബന്ധപ്പെട്ട സ്ഥാപന അധികൃതർക്കെതിരെ വിജിലൻസ് അന്വേഷണം അടക്കമുള്ള കർശന നടപടികൾ സ്വീകരിക്കുന്നതാണ്.

(ഒപ്പ്)
ഡോ. വിനയ് ഗോയൽ. ഐ.എ.എസ്
ഡയറക്ടർ
പിന്നാക്ക വിഭാഗ വികസന വകുപ്പ്

അംഗീകാരത്തോടെ

സീനിയർ സൂപ്രണ്ട്